പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 951 — 03.12.2014 ന് മറുപടിയ്ക്ക്

## ഒറ്റപ്പാലം എലമ്പുലാശ്ശേരിയിൽ ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരിയിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിലേയ്ക്കായി സാദ്ധ്യതാ പഠനം നടത്തുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; പ്രസ്തുത ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചുവോ ; | (എ) എറണാകുളം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ശ്രീ. ഇ.വി. കുട്ടപ്പനെ ചുമതലപ്പെടുത്തി. അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ നൽകുമോ? | (ബി) ഇടക്കാല റിപ്പോർട്ട് പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി (കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള 4 ഏക്കർ സ്ഥലം) ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാമെന്ന് ബഹു. ഒറ്റപ്പാലം എം.എൽ.എ. ശ്രീ. എം. ഹംസ അവർകൾ ഉറപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.യ്ക്ക് ആവശ്യമായ കെട്ടിടം പണിയുന്നതിന് ബഹു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാമെന്നും (ഒരു കോടി രൂപ) അദ്ദേഹം അറിയിച്ചിട്ടുണ്ട്. ടി സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുതരുവാൻ ഇറിഗേഷൻ വകുപ്പിന്റെ സമ്മതപത്രം ലഭ്യമാക്കി അയച്ചുതരാൻ ശ്രീ. ഇ.വി. കുട്ടപ്പനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ